# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 422

19-10-2011 ൽ മറുപടിയ്ക്ക്

## നെല്ലിന്റെ സംഭരണ വില വർദ്ധിപ്പിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.ചെന്താമരാക്ഷൻ<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>ശ്രീ.സി.കെ.സദാശിവൻ<br>ശ്രീ.കെ.രാധാകൃഷ്ണൻ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | നെല്ലിന്റെ സംഭരണ വില വർദ്ധിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | കേന്ദ്ര സർക്കാർ എല്ലാ വർഷവും നെല്ലിന് പ്രഖ്യാപിക്കുന്ന താങ്ങുവില (എം.എസ്.പി) കേരളത്തിലെ കർഷകരെ സംബന്ധിച്ചിടത്തോളം കുറവായതുകൊണ്ട് സംസ്ഥാന സർക്കാർ ഒരു ഉയർന്ന സംഭരണ വിലയ്ക്ക് നെല്ലുസംഭരണം നടത്തുന്നു. സംഭരണ വില 2010 ൽ കിലോയ്ക്ക് 13 രൂപയായിരുന്നത്, 2011 ൽ 14/- രൂപയാക്കുകയും വീണ്ടും ഈ സർക്കാർ നിലവിൽ വന്നതിനുശേഷം കിലോയ്ക്ക് 15 രൂപയാക്കി ഉയർത്തുകയും ചെയ്തിട്ടുണ്ട്. |
| (ബി) | രാസവളങ്ങളുടേയും കീടനാശിനികളുടേയും വിലയും ട്രാക്ടറുകളുടെയും കൊയ്ത്ത് മെഷീനുകളുടേയും വാടകചെലവും ഇപ്പോൾ വർദ്ധിച്ചിരിക്കുന്ന സാഹചര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

നെല്ല് സംഭരണം നടത്തുന്നത്. നിലവിൽ സംസ്ഥാന സർക്കാർ നെല്ലിന് നൽകുന്ന സംഭരണ വില കിലോയ്ക്ക് 15/- രൂപയാണ്. നെല്ലിന്റെ സംഭരണവില കൂടുന്നതിന് ആനുപാതികമായി അരിയുടെ വിലയും വർദ്ധിക്കുന്നതിന് കാരണമാകും. അരിയുടെ വില ക്രമാതീതമായി വർദ്ധിക്കുന്നത് സമൂഹത്തിലെ സാധാരണ ക്കാരുടേയും ദാരിദ്ര്യമേഖലയ്ക്കു താഴെയുള്ളവരുടേയും ദൈനംദിന ജീവിതത്തെ സാരമായി ബാധിക്കുന്നതാണ്. ഈ സാഹചര്യത്തിൽ നെല്ലിന്റെ സംഭരണ വില വീണ്ടും വർദ്ധിപ്പിക്കുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ